## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.810 | 08/01/2014-ൽ മറുപടിക്ക്

### ജീവൻ രക്ഷാമരുന്നുകളുടെ ലഭ്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. ജോർജ്<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | ജീവൻരക്ഷാ മരുന്നുകളുടെയും വാക്സിനുകളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) | സർക്കാർ മേഖലയിലെ ആശുപത്രികളിലെ മരുന്നും വാക്സിനും ലഭ്യമാക്കുന്നത് KMSCL - മുഖേനയാണ്. ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകൾ വാങ്ങി സംഭരിക്കുന്നത്. വരും വർഷത്തേയ്ക്കാവശ്യമായ മരുന്നുകളുടെ കണക്ക് മുൻകൂട്ടി ലഭ്യമാക്കി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിലൂടെ കോർപ്പറേഷന് ജീവൻ രക്ഷാ ഔഷധങ്ങൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. ഗവൺമെന്റ് ആശുപത്രികളുടെയും മറ്റ് ആരോഗ്യ സ്ഥാപനങ്ങളുടെയും വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഇവ വാങ്ങി ലഭ്യമാക്കുന്നുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ ആശുപത്രി മേധാവികൾക്ക് അവരുടെ സാമ്പത്തിക പരിധിയിൽ നിന്ന് കൊണ്ട് ലോക്കൽ പർച്ചേസ് വഴി ഇവ വാങ്ങാനുള്ള സംവിധാനങ്ങളുമുണ്ട്. ദേശീയ രോഗ പ്രതിരോധ പരിപാടിയുടെ ഭാഗമായുള്ള വാക്സിനുകൾ കേന്ദ്ര ആരോഗ്യ മന്ത്രാലയം, സംസ്ഥാന ആരോഗ്യ വകുപ്പിന്റെ വാർഷിക ഇൻഡന്റുകളുടെ അടിസ്ഥാനത്തിൽ [illegible] വിതരണം ചെയ്യുന്നത്. |

# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.811** | **08/01/2014-ൽ മറുപടിക്ക്**

## മരുന്നുകളുടെ സൗജന്യ വിതരണം

**ചോദ്യം**

ശ്രീ. റ്റി. എൻ. പ്രതാപൻ
ശ്രീ. എം. പി. വിൻസെന്റ്
ശ്രീ. ലൂഡി ലൂയിസ്
ശ്രീ. ആർ. ശെൽവരാജ്

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എല്ലാ മരുന്നുകളും സൗജന്യമായി രോഗികൾക്ക് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച്, സർക്കാർ ആശുപത്രികളിലൂടെ സാധാരണയായി നൽകി വന്നിരുന്ന ജീവൻരക്ഷാ ഔഷധങ്ങൾ ഉൾപ്പെടെയുള്ള അവശ്യമരുന്നുകൾക്കു പുറമെ രോഗികൾ സർവ്വസാധാരണയായി ഉപയോഗിക്കുന്ന മരുന്നുകൾ കൂടി ഉൾപ്പെടുത്തി, അതു ജനറിക് നാമത്തിൽ സംഭരിച്ചു നൽകുന്നതിനായി കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ സമീപിക്കുന്ന ആദായ നികുതി അടയ്ക്കുന്നവർ ഒഴികെയുള്ള എല്ലാ വിഭാഗം രോഗികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.<br>പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടം സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജനറൽ ആശുപത്രികളിലും 2012 നവംബർ 1 ന് ആരംഭിച്ചു. പ്രാഥമികാരോഗ്യകേന്ദ്രം വരെ വ്യാപിപ്പിച്ചുകൊണ്ടുള്ള ഈ പദ്ധതിയുടെ രണ്ടാം ഘട്ടം 2013 ഒക്ടോബർ 2 ന് ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (ബി) | ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ മാത്രം ആശ്രയിക്കുന്ന സംസ്ഥാനത്തെ പാവപ്പെട്ട രോഗികൾക്ക് അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെട്ട മരുന്നുകൾക്കു പുറമെ പുറത്തേയ്ക്ക് കുറിപ്പു നൽകുന്ന, സർവ്വസാധാരണയായി ഉപയോഗിക്കുന്ന മരുന്നുകൾ കൂടി സൗജന്യമായി നൽകുവാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആദായ നികുതി അടയ്ക്കുന്നവർ ഒഴികെയുള്ള എല്ലാ വിഭാഗം രോഗികൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |